**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1214** **18-09-2025 - ൽ മറുപടിയ്ക്ക്**

**രാജ്യാന്തര കായിക ഉച്ചകോടിയിലെ പ്രഖ്യാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് നടന്ന രാജ്യാന്തര കായിക ഉച്ചകോടിയിൽ സംസ്ഥാനത്തിന്റെ കായിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടന്ന പ്രധാന പ്രഖ്യാപനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന വ്യക്തമാക്കാമോ; | (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.<br><br>കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br><br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെൻററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ് അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.<br><br>ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നു വരികയും ചെയ്യുന്നു.<br><br>സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പ്രഖ്യാപനങ്ങളിൽ ഏതൊക്കെയാണ് നാളിതുവരെ നടപ്പാക്കിയിട്ടുള്ളത്; എത്ര കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്; എത്ര നിക്ഷേപ പദ്ധതികൾക്ക് നാളിതുവരെ അനുമതി നൽകിയിട്ടുണ്ട്; ഈ പദ്ധതികൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി. |

കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെൻററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ് അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നു വരുന്നു.

ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി എജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രപ്പോസലുകൾ സർക്കാർ പരിശോധിച്ച വരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം

<table>
<tr><td></td><td></td><td></td><td>കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നു വരികയും ചെയ്യുന്നു.<br><br>സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു.</td></tr>
<tr><td>(സി)</td><td>കായിക ഉച്ചകോടിയുടെ നടത്തിപ്പിന് എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?</td><td>(സി)</td><td>ISSK യുടെ നടത്തിപ്പിനായി ചെലവഴിച്ച തുക 3,43,07,677/-രൂപ. വിശദാംശം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>SI No</th><th>Component</th><th>Amount</th></tr>
<tr><td>1</td><td>Venue Rentals & arrangements</td><td>66,31,152</td></tr>
<tr><td>2</td><td>Venue Branding</td><td>9,98,546</td></tr>
<tr><td>3</td><td>Food</td><td>62,67,293</td></tr>
<tr><td>4</td><td>Accommodation</td><td>13,44,911</td></tr>
<tr><td>5</td><td>Logistics</td><td>21,26,196</td></tr>
<tr><td>6</td><td>Technology</td><td>2,94,139</td></tr>
<tr><td>7</td><td>Cultural Extravaganza</td><td>38,47,610</td></tr>
<tr><td>8</td><td>Print material</td><td>5,58,521</td></tr>
<tr><td>9</td><td>Event material</td><td>15,98,948</td></tr>
<tr><td>10</td><td>Media & Promotions</td><td>71,69,914</td></tr>
<tr><td>11</td><td>Preparatory events</td><td>21,94,433</td></tr>
<tr><td>12</td><td>Administrative expenses of SKF</td><td>5,76,015</td></tr>
<tr><td>13</td><td>Consultancy charges</td><td>6,99,999</td></tr>
<tr><td></td><td>Total</td><td>3,43,07,677</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ